സറ്റൈർ

# ഇടിയും ഉന്തും തള്ളും പിന്നെ ഭള്ളും

## മണ്ണിക്കരോട്ട്

കേരളത്തിൽ ജാതിമതകക്ഷിഭേദമന്യേ സുലഭമായി ലഭിക്കുന്ന എന്തെങ്കിലുമുണ്ടെങ്കിൽ അത് ഇടിയും ഉന്തും തള്ളും, പിന്നെ അതിന്റെ അനുഗാമിയായി എത്തുന്ന ഭള്ളുമാണെന്നുള്ളതിന് സംശയമില്ല. ഇടിയെന്നു പറഞ്ഞാൽ പൊലിസിന്റെ 'കരണംപൊട്ടി'യൊ 'നെഞ്ചുകലക്കിയൊ', ശത്രുവിന്റെ 'ഒളിയനൊ' ഒന്നുമല്ല ഇവിടെ വിവക്ഷ. ഒന്നിലധികംപേർ കൂടുന്നിടത്ത് സർവ്വസാധാരണമായി സമ്മാനിക്കുന്ന മനപൂർവ്വമല്ലാത്ത ഇടി (ഇടയ്ക്കൽപം മനഃപൂർവ്വവും ഉണ്ടായിക്കൂടെന്നില്ല). അതോടൊപ്പം അനുഭവിക്കേണ്ടിവരുന്ന ഉന്തും തള്ളും തുടർന്നുള്ള ഭള്ളും.

കേരളത്തിലെ ഏതെങ്കിലും ഒരു ചന്തയുടെ കാര്യം ആലോചിക്കുക? അവിടെ ഇടിയും ഉന്തും തള്ളുമുണ്ടെങ്കിലും ഭള്ളിനായയിരിക്കും കൂടുതൽ പ്രാധാന്യം. ബസ്സ്റ്റാൻഡുകളിലും റെയിൽവെ സ്റ്റേഷനുകളിലുമൊക്കെ ഓടിച്ചിട്ടും കൂട്ടമായിട്ടുമാണ് ഇടി. ഏതൊരു യാത്രയിലും ഇതുതന്നെ ഗതി. 'ഇടികൊണ്ട് പഴുത്തുപോയി' എന്ന് പ്രായമുള്ളവർ പറഞ്ഞു കേട്ടിട്ടുണ്ട്. സ്ത്രീകളാണെങ്കിൽ പറയും 'ഇടികൊണ്ട് ചതഞ്ഞുപോയി' എന്ന്. ടിക്കറ്റ് കൗണ്ടറുകളിലെ കാര്യം ആലോചിച്ചുനോക്കുക? ഒരു കൈ കടക്കേണ്ട ദ്വാരത്തിൽ എത്രയെത്ര കൈകളായിരിക്കും ഒരേ സമയം ഇടിച്ചുകയറ്റുന്നത്? അതോടൊപ്പം പുറകിൽനിന്നു കിട്ടുന്ന ഉന്തും തള്ളും പിന്നെ ഭള്ളും പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

ഈ പ്രവണതയ്ക്ക് അവസരഭേദവുമില്ല എന്നുള്ളതാണ് മറ്റൊരു പ്രത്യേകത. അത്യന്തം ശാന്തതയും സംയമനവും പാലിക്കേണ്ട സമയത്തായിരിക്കും ഇടിയുടെ പെരുനാൾ. അടുത്ത കാലത്ത് ഞാൻ കേരളത്തിലായിരുന്നപ്പോൾ ഒരു വിശിഷ്ട വ്യക്തിയുടെ (വി.ഐ.പി.) മരണാന്തര ശുശ്രൂഷയിൽ പങ്കെടുക്കാനിടയായി. നഗരമെങ്ങും ഗതാഗതക്കുരുക്ക്. വാഹനഗതാഗതം നിശ്ചലമായപ്പോൾ നടപ്പാതയിലൂടെ നടന്നു. അവിടെയും തട്ടിനും മുട്ടിനും ഒട്ടും മുട്ടുണ്ടായില്ല. വഴിവക്കുകളിൽപോലും ഉച്ചഭാഷിണികൾ ഘടിപ്പിച്ചിട്ടുണ്ട്. അതിലൂടെ  ആരാധനാശീലുകളും മറ്റ് വാഗ്ധോരണികളും ഇടതടവില്ലാതെ ഒഴുകുന്നു.

സ്ഥലത്തെത്തിയപ്പോൾ ഉച്ചഭാഷിണിയിലൂട ഉയരുന്ന വിലാപശീലുകളാൽ അന്തരീക്ഷം ശബ്ദമുഖരിതമാണ്. എന്നാൽ ലക്ഷണത്തിനൊത്ത ജനാവലിയൊന്നമില്ല. ആശ്വാസം. ഇനിയും ഉദ്ദിഷ്ടകാര്യങ്ങൾ ബുദ്ധിമുട്ടില്ലാതെ തീർത്ത് തിരികെ മടങ്ങാമെല്ലോ. സന്തോഷം. ആദ്യത്തെ പടിവാതിൽക്കലെത്തിയപ്പോഴും ജനബാഹുല്യമില്ല. പാറാവുകാരൻ എന്നെ തടഞ്ഞു. മുൻവശത്തെ പ്രധാന കവാടം വഴിയെ പ്രവേശനമുള്ളു. അതുവഴി അകത്തുകടക്കാൻ ബുദ്ധിമുട്ടുണ്ടാകില്ലെല്ലോ? ഞാൻ എടുത്തു ചോദിച്ചു. ഒരു ബുദ്ധിമുട്ടുമില്ല സാർ നേരേ അങ്ങോട്ടു ചെന്നാൽ മതി. അദ്ദേഹം ആശ്വാസം പകർന്നു. സൗമ്യമായ, ബഹുമാനം കലർന്ന സംസാരം. സന്തോഷം. ചട്ടങ്ങൾ പാലിക്കണമല്ലോ. പ്രത്യേകിച്ച് അമേരിക്കയിൽ വർഷങ്ങളോളമുള്ള വാസംകൊണ്ട് നിയമങ്ങളും ചട്ടങ്ങളും പാലിക്കാൻ പഠിച്ചതുമാണ്.

മുൻവശത്തെ പ്രധാന കവാടത്തിനടുത്തെത്തിയപ്പോൾ, രംഗം ആകെപ്പാടെ മാറിയിരിക്കുന്നു. ഇതെന്ത് ഞാൻ അന്തം വിട്ടുപോയി. ഇതാണോ 'കേരളത്തനിമ'? അവിടെ ജനക്കൂട്ടം. എന്നാൽ വലിയ ജനാവലിയൊന്നുമില്ലതാനും. ഞാൻ അൽപം പിന്നിലായി മാറി നിന്ന് കാര്യങ്ങൾ ശ്രദ്ധിച്ചു. അവിടെ ഏതോ ഒരു പുതിയ കലാരൂപം അരങ്ങേറുന്നതുപോലെ. ഒരു കൂട്ടുചിവിട്ടു നാടകത്തിന്റെ പ്രതീതിയുണ്ട്. ഒരു പ്രത്യേക താളത്തിലാണ് കാര്യങ്ങൾ നീങ്ങുന്നത്. പുറകിൽനിന്ന് ഒരു തള്ള് മുമ്പോട്ട്. അപ്പോൾ ജനക്കൂട്ടം ഏതാണ്ട് ഒന്നുരണ്ടടി മുമ്പോട്ടു നീങ്ങും (ആരും നടക്കേണ്ട കാര്യമില്ല. കൂട്ടത്തിൽ കൂടിയാൽ മതിയാകും. തനിയെ നീങ്ങിക്കൊള്ളും). അടുത്ത നിമിഷം കാണാം അത്രയും ജനം ഏതാണ്ട് ഒന്ന് ഒന്നരയടി പുറകിലേക്ക് തെന്നിമാറുന്നു. ഇത് തുടരുകയാണ്. ഇടയ്ക്കിടയ്ക്ക് ചില അപശബ്ദങ്ങളും കേൾക്കാം. പുറകിൽനിന്ന് കണ്ടപ്പോൾ രസം തോന്നി. ഈ പുതിയ കലാരൂപം കാണുന്ന രസത്തിൽ തെല്ലുനേരം ഞാൻ മറ്റെല്ലാം മറന്നു.

പുറകിൽനിന്ന് ഇടയ്ക്കിടയ്ക്ക് കരുതിക്കൂട്ടിയ തള്ളിടിയും (തള്ളും ഇടിയും ചേർന്നത്) ഉന്തി

ടിയും (ഉന്തും ഇടിയും ചേർന്നത്) കാണാം. ഇവിടെ കയ്യും മെയ്യും ഒരുപോലെ ഇടിയ്ക്കായി ഉപയോഗിക്കുന്നു എന്നുള്ളതാണ് മറ്റൊരു പ്രത്യേകത. ഇടയ്ക്കിടയ്ക്ക് മുട്ടുകൊണ്ടുള്ള ഉളുക്കൻ പ്രയോഗങ്ങളും ചുരുക്കമല്ല. ചിലപ്പോൾ ഫുട്ബോൾ ഹെഡുചെയ്യാനെന്നപോലെ ശിരസുകൾ ഉയരുന്നതും അതുപോലെ താഴുന്നതും കാണാം. ശിരസിൽ ഒന്നും തടയുന്നതു കണ്ടില്ല. (അത് എന്തിനെന്നും എങ്ങനെയെന്നു മനസ്സിലായില്ല).

വാതിലിനോടു ചേർന്നും അതിനടുത്തുമായി പൊലിസിന്റെ നിരയുണ്ട്. അതുവരെ അങ്ങനെ ആരേയും കണ്ടിരുന്നില്ല. അതിൽ തോളത്ത് നക്ഷത്രം പതിച്ച മുന്തിയവരുമുണ്ട്. ചുറ്റുമുള്ള ജനങ്ങൾ കവാടത്തിലൂടെ അകത്തു കടക്കാനുള്ള പ്രയത്നമാണ്, ചവിട്ടുനാടകംപോലെ അരങ്ങേറുന്നതെന്ന് മനസ്സിലായി. പ്രയത്നമല്ല ഭഗീരഥ പ്രയത്നമെന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. ജനങ്ങൾ കവാടത്തിലേക്ക് തള്ളുന്നു. പൊലീസുകാർ അവരെ പുറകിലേക്ക് തള്ളിയെറിയുന്നു. ഇതാണ് രംഗം. ഇതിനിടയിൽ തള്ളുവീരന്മാർ ഒന്നും രണ്ടുമായി അകത്തു വീഴുകയും ചെയ്യുന്നുണ്ട്.

അരങ്ങേറ്റം ശക്തമായതോടെ പൊലിസ് അടവൊന്നു മാറ്റി. അവർ പരസ്പരം കൈകൾ കോർത്തു പിടിച്ച് കവാടം വളഞ്ഞു. പൊലിസ് മനുഷ്യച്ചങ്ങല തീർത്തിരിക്കുന്നുവെന്ന് ആരോ വിളിച്ചു പറയുന്നതു കേട്ടു. പരിചയസമ്പന്നരായ നമ്മുടെ തള്ളുവിദഗ്ദരുണ്ടോ വിടുന്നു? ഈ ചങ്ങലക്കണ്ണികൾക്കിടയിലൂടെ ഇഴഞ്ഞുകയറുകയായി അടുത്ത ലക്ഷ്യം. പൊലിസിന്റെ കൈമുട്ടുകൊണ്ടും കാൽമുട്ടുകൊണ്ടും കിട്ടുന്ന മുട്ടുകൾ ആരും കൂട്ടാക്കിയില്ല. ചിലപ്പോൾ തോന്നി ഇവിടെ ഒരു 'ഇടിപ്പെരുനാളാ'ണോ അതോ ഇടിമഹോത്സവമാണോ നടക്കുന്നതെന്ന്.

കളി കണ്ട് സമയം പോയതറിഞ്ഞില്ല. ഇനിയും എങ്ങനെ അകത്തു കടക്കുമെന്നതായി എന്റെ അടുത്ത ചിന്ത. കാഴ്ച കണ്ടുനിന്നാൽ കാര്യം സാധിക്കുകയില്ല. കേറുകതന്നെ. അത്രയുമായപ്പോൾ ചെറുപ്പകാലത്തെ എന്നിലെ തള്ളുകാരൻ തലപൊക്കി. ഇതുപോലെ എത്ര തള്ളിയിട്ടുള്ളവനാണ് ഈയുള്ളവനും എന്ന ധൈര്യം. എന്നാൽ ഇനി ഈ ... ഒന്നു കണ്ടിട്ടേയുള്ളു എന്ന അഹങ്കാരബുദ്ധിയും. ഇത്രയും ചിന്തിച്ച് ഒന്നു നീങ്ങിയതേയുള്ളു. പുറകിൽനിന്ന പരോപകാരികൾ എന്നേയും ആ ഇടിപരേഡിന്റെ ഭാഗമാക്കി.

ചെറിയ ഊഞ്ഞാലാട്ടംപോലെയാണ് എനിക്കു തോന്നിയത്. ഈ ആട്ടത്തിൽ പിന്നിൽനിന്നവരും പിന്നെ വന്നവർ പോലും വളരെ മുമ്പിലായിക്കഴിഞ്ഞിരിക്കുന്നു. ഞാൻ അപ്പോഴും ഏതാണ്ട് തുടങ്ങിയിടത്തുതന്നെ. രക്ഷയില്ല. എന്റെ ചെറുപ്പകാലത്തെ പ്രകടനങ്ങൾ കാലഹരണപ്പെട്ടിരിക്കുന്നു. ഇവിടെ പുതിയ നൂറ്റാണ്ടിലെ ഒന്നാന്തരം ഹൈടെക് പരിപാടിയാണ് അരങ്ങേറുന്നത്. അതിനുള്ള അഭ്യാസം എനിക്കു ലഭിച്ചിട്ടുമില്ല. അതുവരെ പരോപകാരികൾ സമ്മാനിച്ച ശരീരിക പീഡനം മിച്ചം.

അവസാനം മറ്റുമാർഗ്ഗത്തിലൂടെ ഞാൻ അകത്തു പ്രവേശിച്ചു. അപ്പോഴും ഉള്ളിൽ പകുതിയിലേറെ സ്ഥലം വെറുതെ കിടക്കുന്നു. അത് എന്തിനാണെന്ന് മനസ്സിലായില്ല. അകത്തെ കാര്യങ്ങൾ കഴിഞ്ഞ് പുറത്തിറങ്ങി വീണ്ടും ചുറ്റുപാടുകൾ ശ്രദ്ധിച്ചു. വാസ്തവത്തിൽ നിസാരമായി നിയന്ത്രിക്കാവുന്ന ഒരു ചെറിയ ജനക്കൂട്ടം മാത്രമെ അവിടെയുള്ളു. പ്രധാന കവാടത്തിന് അല്പം അകലെനിന്ന് ജനങ്ങളെ നിയന്ത്രിച്ച് ലൈൻ (ക്യു) തുടങ്ങിയാൽ മതി. അവിടെ ഉള്ളതിൽ പകുതി പൊലിസുകാരുടെപോലും ആവശ്യം ഉണ്ടാകില്ല. കുറെ സന്നദ്ധഭടന്മാർ കൂടി വേണം. അത്രതന്നെ. ഇത്രയും പേരെ സുഖമായി കയറ്റിവിടാം. എല്ലാവർക്കും സമാധാനപരമായി കാര്യങ്ങൾ
നിർവഹിക്കാം.

രാഷ്ട്രീയ നേതാക്കളുടെയും വളരെ പ്രധാനപ്പെട്ടവരുടെയും, മരണാനന്തര ചടങ്ങുകളും വിലാപയാത്രയുമൊക്കെ ടെലിവിഷനിൽ കാണുമ്പോൾ സഹതാപം തോന്നാറുണ്ട്. എവിടെയും ആശയക്കുഴപ്പം. ഒന്നിനും യാതൊരു പദ്ധതിയൊ നിയന്ത്രണമൊ ഇല്ല. ശവമഞ്ചം പൊതിഞ്ഞ് ജനങ്ങൾ ഇരച്ചുകയറും. പലപ്പോഴും ശവമഞ്ചം വലിച്ചു താഴെയിട്ട് പിച്ചിച്ചീന്തുമോയെന്ന മട്ട്. ഒപ്പം മുഷ്ടിചുരുട്ടി അനന്തവിഹായുസിൽ എറിഞ്ഞ് അന്തരീക്ഷം നടുക്കുന്ന മുദ്രാവാക്യം വിളികളും. ദുഃഖാർത്തരായ ബന്ധുമിത്രാദികൾപോലും ശവമഞ്ചത്തോടടുക്കാൻ കഴിയാതെ, ഇന്തും തള്ളും ഇടിയും സഹിച്ച് അവശരാകുന്നു, പ്രായമായവരും അനാരോഗ്യരുമുണ്ടെങ്കിൽ പരേതനോടൊപ്പം പരലോകം പൂകേണ്ടിവരുന്ന ഗതികേട്. എന്തിനാണിത്? അണികളുടെ ആവേശമെന്നു പറയും. ഇതാണോ പരേതനായ രാഷ്ട്രീയപ്രമുഖരോടും അവരുടെ കുടുംബത്തോടും കാട്ടുന്ന ആദരവ്? ഇതാണോ ദുഃഖാചരണം? ഈ ജനങ്ങളെ നിയന്ത്രിക്കാൻ കഴിയാഞ്ഞിട്ടാണോ? തീർച്ചയായും കഴിയും. ആരും വേണ്ടവിധത്തിൽ ശ്രമിക്കുന്നില്ലെന്നു മാത്രം.

എന്നാൽ ചിലപ്പോൾ പൊലിസിന്റെ കടന്നുകയറ്റവും കാണാനിടയായിട്ടുണ്ട്. ശബരിമലയിലും

മറ്റ് പലക്ഷേത്രങ്ങളിലും വിശ്വാസികൾക്ക് ശരിക്കൊന്ന് തൊഴുതുവണങ്ങാൻപോലും കഴിയാത്ത അവസ്ഥ. തൊഴാൻ തുടങ്ങുന്ന സ്ത്രീകളെപോലും പൊലിസുകാർ പിടിച്ച് തള്ളുന്ന കാഴ്ചയാണ് ദൃശ്യമാധ്യമങ്ങളിൽ കാണാൻ കഴിയുന്നത്. ഇതാണോ നീതി? ഇതാണോ നിയന്ത്രണം? അതോ ഇതാണോ നമ്മുടെ സംസ്ക്കാരം? കഷ്ടം!

ആൾക്കൂട്ടം ചെറുതായാലും വലുതായാലും അനുഭവം ഒന്നുതന്നെ. മുൻപിൽ നിൽക്കുന്ന ആളിനെ മുട്ടി ഞെരുങ്ങി നിന്നില്ലെങ്കിൽ ഇടയ്ക്കു മറ്റാരെങ്കിലും ഇടിച്ചു കയറും. ഉറപ്പാണ്. ബാങ്ക് മുതലായ സ്ഥാപനങ്ങളിൽ ചെന്നാൽ ആളുകൾ കൂട്ടംകൂട്ടമായി കൗണ്ടറിൽ തള്ളിക്കയറുന്നതു കാണാം. പലർ ഒരേസമയം ചോദ്യങ്ങൾ ചോദിക്കും. ഒരുപോലെ കൈനീട്ടും. കൗണ്ടറിൽ നിൽക്കുന്ന ജീവനക്കാരനൊ ജീവനക്കാരിയൊ ആരുമാകട്ടെ പലരുടെ കാര്യങ്ങൾ ഒരേ സമയം ചെയ്യാൻ ശ്രമിക്കുന്നതുകാണാം. ഒന്നും തീരുകയുമില്ല, തീരുന്നതൊട്ട് ശരിയാകുകയുമില്ല. എന്തായാലും അകത്തിരിക്കുന്ന ജോലിക്കാർക്ക് ഇതൊന്നും യാതൊരു പ്രശ്നവുമല്ലാത്തതുപോലെ. പത്തിരുപതു കൈകൾ ഒരുപോലെ നീട്ടിയാലും യൊതൊരു ഭാവവ്യത്യാസവുമില്ലാതെ ഏതെങ്കിലും ഒന്നു കയ്യിലെടുക്കും. അപ്പോൾ പലരുടെ പരാതികളും കേൾക്കാം.

അമേരിക്കയിൽ എവിടെയായാലും കൗണ്ടറിൽനിന്ന് നാലുമുതൽ ആറടിവരെ അകലത്തായിരിക്കും ക്യൂ തുടങ്ങുന്നത്. മിക്കയിടങ്ങളിലും നിൽക്കേണ്ട സ്ഥാനം അടയാളപ്പെടുത്തിയിരിക്കും. അതിനപ്പുറം കടക്കണമെങ്കിൽ പേരു വിളിക്കണം. അല്ലാതെ ആരും അടയാളത്തിനപ്പുറം കടക്കുകയില്ല. ഒരാളുടെ കാര്യം പൂർണ്ണമായി ചെയ്തതിനുശേഷം മാത്രമെ അടുത്തയാളെ വിളിക്കുകയുള്ളു. അതുകൊണ്ട് ജോലിക്കാർക്ക് സംയമനത്തോടും സമാധാനത്തോടും കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നു.

അമേരിക്കിയിൽ ആയിരംപേർവരെ കൂടുന്ന സെമിനാറുകളിൽ സംബന്ധിച്ചിട്ടുള്ളവർക്കറിയാം, എത്രയൊ സാധാരണ രീതിയിലാണ് അവിടെ കാര്യങ്ങൾ നീങ്ങുന്നത്. പത്തോ പതിനഞ്ചോ മിനിടിനു മുമ്പായിരിക്കും ഹാൾ തുറക്കന്നത്. അത്രയും സമയംകൊണ്ട് ആളുകൾ അവരവരുടെ സ്ഥാനം പിടിച്ച് സെമിനാർ തുടങ്ങിയിരിക്കും. ഒരു പ്രശ്നവുമില്ല. ആയിരങ്ങളും പതിനായിരങ്ങളും പങ്കെടുക്കുന്ന ദേവാലയങ്ങളും മതസംഗമങ്ങളു (Crusade) മുണ്ട്. പതിനായിരങ്ങൾ പങ്കെടുക്കുന്ന രാഷ്ട്രീയ റാലികൾ കണ്ടിട്ടുണ്ട്. അവിടെയെങ്ങും യാതൊരു ആശയക്കുഴപ്പങ്ങളുമില്ലാതെ കാര്യങ്ങൾ കൃത്യമായും ഭംഗിയായും നടക്കുന്നു.

നാട്ടിൽ, അമേരിക്കയുടെ ന്യൂനതകൾ തിരഞ്ഞുപിടിച്ച് പർവ്വതീകരിച്ചും ഇല്ലാത്തവ ഉണ്ടാക്കിയും പ്രചരിപ്പിക്കുന്നത് അസാധരണമല്ല. എന്നാൽ മാതൃകാപരമായ എത്രയൊ നല്ലകാര്യങ്ങൾ നമുക്ക് അവരിൽനിന്ന് പഠിക്കാനും സ്വീകരിക്കാനുണ്ട്. അതിൽ ഒന്നു മാത്രമാണ് അമേരിക്കയിലെ ക്യൂ സിസ്റ്റം.